**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4662** **02-07-2024 - ൽ മറുപടിയ്ക്ക്**

**ചവറ മണ്ഡലത്തിൽ കടൽ ഭിത്തിയും പുലിമുട്ടും നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചവറ മണ്ഡലത്തിലെ വെള്ളനാതുരുത്ത് മുതൽ നീണ്ടകര വരെയുള്ള പ്രദേശത്ത് കടൽഭിത്തിയും പുലിമുട്ടും നിർമ്മിയ്ക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (എ) | ചവറ മണ്ഡലത്തിൽ KMML ഫണ്ടോടുകൂടി നടപ്പിലാക്കുന്ന "Construction of Groyne field at KMML along seashore in KMML block III extending in Panmana /chavara village Karunagappally taluk” എന്ന പ്രവൃത്തിയിൽ നിലവിൽ 25% പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന 4 പുലിമുട്ടുകളിൽ 2 എണ്ണം ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയിൽ ഉൾപ്പെടുന്ന കടൽഭിത്തിയുടെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രദേശത്ത് എത്ര പുലിമുട്ടുകളാണ് നിർമ്മിയ്ക്കാൻ ഉദ്ദേശിക്കുന്നത് ; പ്രസ്തുത പ്രദേശങ്ങൾക്കിടയിൽ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര ദൂരത്തിലാണ് കടൽ ഭിത്തി നിർമ്മിയ്ക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പ്രദേശത്ത് ടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി 4 പുലിമുട്ടുകളാണ് (G7, G11,G12,G13) നിർമ്മിക്കുന്നത്. ഇതിൽ G12 നും G13 നും ഇടയിൽ 440 മീറ്റർ നീളത്തിലാണ് കടൽഭിത്തി നിർമ്മിക്കുന്നത്. |

സെക്ഷൻ ഓഫീസർ